കരാറുകളിൽ ഏർപ്പെടുന്നതിനുവേണ്ടി ലഭിച്ച ടെണ്ടറുകൾ ജെ. ബി. ഐ. സി. യുടെ അംഗീകാരത്തോടെ റദ്ദു ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ടെണ്ടറുകളിലൂടെ ലഭിച്ച തുകകൾ അംഗീകൃത പ്രോജക്ട് എസ്റ്റിമേറ്റുമായും ഇപ്പോഴത്തെ എസ്റ്റിമേറ്റുമായും താരതമ്യം ചെയ്യുമ്പോൾ വളരെ കൂടുതലായതിനാലാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ടി പദ്ധതികൾ 2007 ആഗസ്റ്റ് മാസത്തോടുകൂടി പൂർത്തിയാക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന 'ജലനിധി' പദ്ധതി ഇപ്പോൾ അഞ്ചാം ഘട്ടത്തിലാണ്. ഇതുവരെ 1369 ചെറുകിട കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി. 901 പദ്ധതികൾ നിർവഹണഘട്ടത്തിലും 1556 പദ്ധതികൾ ആസൂത്രണ ഘട്ടത്തിലുമാണ്. പദ്ധതി 2006 ഡിസംബറിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) 20-2-2007.

(ഡി) ജെ. ബി. ഐ. സി. സഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിക്ക് ഇതുവരെ 20.62 കോടി രൂപ ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ കൺസൾട്ടന്റിന് ഇതുവരെ 29.5 കോടി രൂപയും നൽകിയിട്ടുണ്ട്.

'ജലനിധി' പദ്ധതിക്ക് ഇതുവരെ 105.49 കോടി രൂപ ലഭിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് കൺസൾട്ടൻസികൾക്ക് 7.67 കോടി രൂപ നൽകിയിട്ടുണ്ട്.

വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ

73 [254] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർവ്വഹണഘട്ടം പൂർത്തിയായ കുടിവെള്ളപദ്ധതികൾ വൈദ്യുതി കണക്ഷൻ ലഭിക്കാത്തതുമൂലം മുടങ്ങിക്കിടപ്പുണ്ടോ;

(ബി) എങ്കിൽ എത്ര പദ്ധതികൾ ഇപ്രകാരം മുടങ്ങിക്കിടപ്പുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പൂർത്തിയായ കുടിവെള്ളപദ്ധതികൾ പ്രവർത്തനക്ഷമമാക്കാൻ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ തെക്കൻ മേഖലയിൽ 9 പദ്ധതികളും മദ്ധ്യ മേഖലയിൽ 13 പദ്ധതികളും വടക്കൻ മേഖലയിൽ 20 പദ്ധതികളും ഇപ്രകാരം മുടങ്ങിക്കിടപ്പുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) പൂർത്തിയായ കുടിവെള്ളപദ്ധതികൾക്ക് OYEC ചാർജ്ജ് അടച്ചാൽ 15 ദിവസത്തിനകം വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[6-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത 73 (254)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

തെക്കൻ മേഖല :

തിരുവനന്തപുരം സർക്കിളിന്റെ കീഴിൽ

(1) കിളിമാനൂർ പഞ്ചായത്തിൽപ്പെട്ട തെന്നൂർ ഹരിജൻകോളനി

(2) തോപ്പിൽ ഹരിജൻ കോളനി

(3) വെള്ളറട പഞ്ചായത്തിൽപ്പെട്ട പൂവൻകുഴി മിനി വാട്ടർ സപ്ലൈ സ്കീം.

കൊല്ലം സർക്കിളിന്റെ പരിധിയിലുള്ള

(4) കൊല്ലം കോർപ്പറേഷനിൽ കിളികൊല്ലൂർ മായിരമുക്ക് കുഴൽകിണർ പദ്ധതി

(5) കൊല്ലം കോർപ്പറേഷനിൽ കിളികൊല്ലൂർ പാൽകുളങ്ങര ക്ഷേത്രം കുഴൽകിണർ പദ്ധതി

(6) കൊല്ലം കോർപ്പറേഷൻ ഇഞ്ചിപുരം ബിഷപ്പ് ജെറോം ഇംഗ്ലീഷ് മീഡിയം സ്കൂൾ കുഴൽകിണർ പദ്ധതി

(7) കൊല്ലമുള ശുദ്ധജല വിതരണ പദ്ധതി

(8) കുറുമ്പൻമൂഴി ശുദ്ധജല വിതരണ പദ്ധതി

(9) ചെന്നീർക്കര ഇഴുവേലി ശുദ്ധജല വിതരണ പദ്ധതി

മദ്ധ്യ മേഖല :

തൃശ്ശൂർ സർക്കിളിന്റെ കീഴിൽ

(1) എം. പി. എൽ. എ. ഡി. അതിരിപ്പിള്ളി പഞ്ചായത്തിൽ 7-ാം വാർഡിലെ മലക്കപ്പാറ ഷെഡ്യൂൾഡ് ട്രൈബ് കോളനിയിലേക്കുള്ള കുടിവെള്ള പദ്ധതി.

(2) എം.എൽ.എ.(എസ്) 2003-2004 ആളൂർ പഞ്ചായത്തിലെ കുഴിക്കാട്ടുശ്ശേരി ആനപ്പാറ കോളനിയിലേക്കുള്ള കുടിവെള്ള പദ്ധതി

(3) ആളൂർ പഞ്ചായത്തിലെ പണപ്പിള്ളി ഐ.എച്ച്. പി.ഡി.പി. കോളനിയിലേക്കുള്ള ശുദ്ധജല വിതരണപദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

(4) കോടശ്ശേരി പഞ്ചായത്തിലെ കൂർക്കമറ്റം ശുദ്ധജല വിതരണ പദ്ധതി

(5) വല്ലച്ചിറ എസ്.സി. കോളനിയിലെ തൃശൂർ ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതി

(6) മുട്ടിത്തടി-ആലങ്ങാട് ഒരേത കോളനി കുടിവെള്ള പദ്ധതി

(7) ചെവ്വൂർ - പുത്തുറയ്ക്കൽ ശുദ്ധജലവിതരണ പദ്ധതി

(8) കോരലോത്തുംകടവ് ശുദ്ധജലവിതരണ പദ്ധതി

മുവാറ്റുപുഴ സർക്കിളിന്റെ പരിധിയിലുള്ള

(9) കുട്ടമംഗലം, നേര്യമംഗലം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

(10) പിണ്ടിമന ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

പ്രോജക്ട് സർക്കിൾ കൊച്ചിയുടെ കീഴിൽ

(11) കുവപ്പടി പഞ്ചായത്തിലെ കല്ലുമല ശുദ്ധജല വിതരണ പദ്ധതി

(12) മലയാറ്റൂർ-എ.ആർ.ഡബ്ല്യു.എസ്. സ്കീം.

(13) കോതകുളങ്ങര നോർത്ത്-എ.ആർ.ഡബ്ല്യു.എസ്. സ്കീം.

വടക്കൻ മേഖല :

കോഴിക്കോട് സർക്കിളിന്റെ കീഴിൽ

(1) ARWSS/SCP-പേരാമ്പ്ര പഞ്ചായത്തിലെ നടുക്കണ്ടി മീത്തൽ ഹരിജൻ കോളനി ശുദ്ധജല വിതരണ പദ്ധതി

(2) ARWSS/SCP-ചെറുവണ്ണൂർ പഞ്ചായത്തിലെ ചുളക്കൽ രയരോത്ത്കുന്ന് കോളനി ശുദ്ധജല വിതരണ പദ്ധതി

(3) ARP/NC/PC-കൂത്താളി അഞ്ചാം വാർഡ് ശുദ്ധജല വിതരണ പദ്ധതി

(4) ARWSP-വട്ടോളിപറമ്പ് ശുദ്ധജല വിതരണ പദ്ധതി മുക്കം പഞ്ചായത്ത്

(5) ARP/NC/PC-മുക്കം പഞ്ചായത്തിലെ ചേന്ദമംഗലൂർ മിനി ശുദ്ധജല വിതരണ പദ്ധതി

(6) ARP/NC/PC-മുക്കം പഞ്ചായത്തിലെ വാർഡ് 5 & 6 ശുദ്ധജല വിതരണ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

(7) ARP/NC/PC–താമരശ്ശേരി പഞ്ചായത്തിലെ വാർഡ് 2 ശുദ്ധജല വിതരണ പദ്ധതി

(8) ARWSSP–പുലിക്കുഴി പുരയിൽ എസ്.സി./എസ്.ടി. കോളനി

(9) ARP/NC/PC–തിരുവമ്പാടി പഞ്ചായത്ത് വാർഡ് 9

(10) ARWSSP–നന്മണ്ട പഞ്ചായത്തിലെ കരിയാണിമല കോളനി ശുദ്ധജല വിതരണ പദ്ധതി

(11) ARWSSP–നന്മണ്ട പഞ്ചായത്തിലെ പൊക്കുന്ന്മല ശുദ്ധജല വിതരണ പദ്ധതി

(12) ARWSSP–കിഴക്കോത്ത് പഞ്ചായത്തിലെ നെല്ലിക്കുന്ന കോളനി

(13) LIC/HUDCO–കോഴിക്കോട് ഇടക്കാല വിപുലീകരണം – ഘട്ടം രണ്ട് CWSS

പാലക്കാട് സർക്കിളിന്റെ പരിധിയിലുള്ള

(14) DRW-2004 ഇഞ്ചോറ–ലക്കിടി പേരൂർ പഞ്ചായത്ത് ശുദ്ധജല വിതരണ പദ്ധതി

(15) കാരക്കുറിശ്ശി പഞ്ചായത്തിലെ കൊടിയത്ത് നാലുസെന്റ് കോളനി കുടിവെള്ള പദ്ധതി

(16) പാലക്കാട് നഗര വിപുലീകരണ പദ്ധതിയുടെ രണ്ടാംഘട്ടം

കണ്ണൂർ സർക്കിളിന്റെ കീഴിലുള്ള

(17) എൻ.സി.പി.സി. കരുവൻചാൽ ശുദ്ധജല വിതരണ പദ്ധതി

(18) ചെമ്പേരി അമ്പഴത്തുംചാൽ ശുദ്ധജല വിതരണ പദ്ധതി

(19) R.W.S.S. മാടായി ശുദ്ധജല വിതരണ പദ്ധതി

(20) പന്ന്യന്നൂർ പഞ്ചായത്തിലെ പെരുമ്പള്ളി ഐ.എച്ച്.ഡി.പി. കോളനിയിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly